# ലൈംഗിക വിദ്യാഭ്യാസവും ഇസ്ലാമും

**എം. എം. അക്ബർ**

എയ്ഡ്സ് ബോധവൽകരണത്തിന്റെ ഭാഗമെന്ന നിലയിൽ യൂനിസെഫ് വിവിധ രാജ്യങ്ങളിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ലൈംഗിക വിദ്യാഭ്യാസ പദ്ധതി കേരളത്തിൽ പ്രാവർത്തികമാക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണിപ്പോൾ. ഡോ. പ്രകാശ് ഭട്‌ലാ പാൺഡെയും ഡോ. രമൺ ഗംഗാഖേഡ്കറും ചേർന്നെഴുതിയതും ജോസഫ് തായങ്കേരി മൊഴിമാറ്റം നടത്തിയതുമായ 'കൗമാരത്തിന്റെ ചക്രവാളങ്ങളിൽ' എന്ന 169 പുറങ്ങളുള്ള പുസ്തകം സ്കൂൾ ലൈബ്രറികളിലേക്ക് അയച്ചുകൊണ്ടായിരുന്നു സർക്കാർ വക 'കൗമാര വിദ്യാഭ്യാസ പദ്ധതി' (Adolescence Education Programme - AEP) യുടെ തുടക്കം. അതിനു ശേഷം തെരഞ്ഞെടുക്കപ്പെട്ട ഇരുനൂറ് അധ്യാപകർക്കായി കൗമാര വിദ്യാഭ്യാസ പദ്ധതിയുടെ പ്രയോഗവൽകരണത്തെക്കുറിച്ച വർക്കുഷോപ്പും ഇക്കഴിഞ്ഞ നവംബർ 13ന് എസ്.സി.ഇ.ആർ.ടി (State Council of Education Research and Training) നൽകുകയുണ്ടായി. പ്രസ്തുത പരിശീലനക്കളരിയിൽ വെച്ചു നൽകിയ പുസ്തകങ്ങളുടെ ഉള്ളടക്കം പുറത്തായതോടുകൂടിയാണ് അതുമായി ബന്ധപ്പെട്ട വിമർശനങ്ങളുണ്ടാവുകയും താൽക്കാലികമായി പ്രസ്തുത പദ്ധതി നടപ്പാക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിക്കുകയും ചെയ്തത്. ഈ രംഗത്തെ വിദഗ്ധരുമായി വേണ്ടത്ര കൂടിയാലോചനയോ ചർച്ചകളോ നടത്താതെയാണ് ഈ പദ്ധതിയുടെ ആവിഷ്കരണം നടന്നതെന്നും അതിനാൽ കേരളീയ സാംസ്കാരിക നിലവാരവുമായി പൊരുത്തപ്പെടാത്ത പരാമർശങ്ങളും നിർദേശങ്ങളും പുസ്തകങ്ങളിലും നിർദേശിക്കപ്പെട്ട പ്രായോഗിക പരിശീലനങ്ങളിലുമുണ്ടായിയെന്നും ചൂണ്ടിക്കാണിച്ചുകൊണ്ടാണ് പദ്ധതിയെക്കുറിച്ച വിമർശനങ്ങളെല്ലാം പൊന്തിവന്നിട്ടുള്ളത്. അതുകൊണ്ടു തന്നെ ഇതിന്റെ ഉള്ളടക്കത്തെപ്പറ്റി പുനഃപരിശോധിക്കുമെന്നും മാറ്റത്തിരുത്തലുകൾ വരുത്തി നമ്മുടെ സംസ്കാരത്തിനു പറ്റിയ രീതിയിൽ മാത്രമെ പദ്ധതി നടപ്പാക്കുകയുള്ളൂ എന്നുമാണ് വിദ്യാഭ്യാസ മന്ത്രി ഉറപ്പു നൽകിയിരിക്കുന്നത്.

കൗമാര വിദ്യാഭ്യാസ പദ്ധതിയെ മൂന്ന് ഭാഗങ്ങളായാണ് തിരിച്ചിരിക്കുന്നത്. കൗമാര വളർച്ചയും അവരുടെ പ്രശ്നങ്ങളും പരിഹാരങ്ങളുമാണ് ഒന്ന്. എയിഡ്സ് അടക്കമുള്ള ശെലംഗിക രോഗങ്ങളെക്കുറിച്ച വിജ്ഞാനമാണ് രണ്ടാമത്തേത്. ആരോഗ്യകരമായ ജീവിതത്തിന് സഹായിക്കുന്ന നിർദേശങ്ങളാണ് മൂന്നാം ഭാഗം. സമഗ്രമായ ഈ കൗമാര വിദ്യാഭ്യാസ പദ്ധതിയിലൂടെ വിദ്യാർഥികളെ തെറ്റായ ലൈംഗിക ധാരണകളിൽ നിന്നും എയിഡ്സ് അടക്കമുള്ള ലൈംഗിക രോഗങ്ങളിൽ നിന്നും രക്ഷപ്പെടുത്താൻ കഴിയുമെന്നാണ് പദ്ധതിയുടെ പ്രചാരകർ ആണയിടുന്നത്. ലോകത്ത് ഉയർന്നുപൊങ്ങിക്കൊണ്ടിരിക്കുന്ന എച്ച്. ഐ. വി ബാധിതരുടെ എണ്ണം നിയന്ത്രിക്കുവാനാണ് ഇത്തരമൊരു പദ്ധതി ലോക വ്യാപകമായി നടപ്പാക്കുന്നതെന്നാണ് യൂനിസെഫിന്റെ വിശദീകരണം. ഏഷ്യൻ രാജ്യങ്ങളിലെ കൗമാരക്കാർക്ക് ലൈംഗിക പാഠങ്ങളും സുരക്ഷിത രതിയെയും കുറിച്ച് പഠിപ്പിക്കുന്നതിനു പിന്നിലെ ചതിക്കുഴികളെപ്പറ്റി യൂനിസെഫ് പ്രസിദ്ധീകരിച്ച "PEER APPROACH IN ADOLESCENT REPRODUCTIVE HEALTH EDUCATION; SOME LESSONS LEARNED" എന്ന പഠന റിപ്പോർട്ട് സൂക്ഷ്മമായി അപഗ്രഥനത്തിന് വിധേയമാക്കിയാൽ മനസ്സിലാകും. തായ്‌ലന്റിനെപ്പോലെയുള്ള ഏഷ്യൻ രാജ്യങ്ങളിലെ സെക്സ് ടൂറിസത്തിന്റെ സാധ്യതകളെ വർധിപ്പിക്കുകയും സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്കുപോലും 'സുരക്ഷിത രതിയാവാം' എന്ന സന്ദേശം പകർന്നു നൽകുകയുമല്ലാതെ ഈ പദ്ധതി കൊണ്ടുണ്ടായിട്ടില്ലെന്നാണ് അനുഭവങ്ങൾ വ്യക്തമാക്കുന്നത്. അവിടങ്ങളിലൊന്നും എച്ച്. ഐ. വി ബാധിതരുടെ എണ്ണം കൂടുകയല്ലാതെ കുറഞ്ഞിട്ടില്ലെന്ന യാഥാർഥ്യം യൂ നിസെഫ് മൂടിവെക്കുന്നതെന്തിനാണ്? തായ്‌ലന്റിൽ കൗമാര വിദ്യാഭ്യാസ പദ്ധതി നടപ്പാക്കിയപ്പോൾ തന്നെ കർണാടക, മധ്യപ്രദേശ്. പശ്ചിമ ബംഗാൾ എന്നിവിടങ്ങളിലെ നൂറോളം സ്കൂളുകളിൽ പരീക്ഷണാർഥം ഇതു നടപ്പാക്കിയത് ധാർമിക പ്രശ്നങ്ങൾ മാത്രമാണ് സൃഷ്ടിച്ചതെന്ന വസ്തുതയെക്കുറിച്ച് നമ്മുടെ സർക്കാർ സ്ഥാപനങ്ങൾ മൗനം പാലിക്കുന്നതെന്തിനാണ്? അന്തർ ദേശീയ സെക്സ് റാക്കറ്റിന്റെ കഴുകക്കണ്ണ് പതിച്ചുകഴിഞ്ഞ കേരളത്തിലെ വിടരുന്ന പുഷ്പങ്ങൾക്ക് 'സുരക്ഷിത രതി'യെക്കുറിച്ച് 'ശാസ്ത്രീയമായി' പഠിപ്പിച്ചു കൊടുക്കുന്നതിന്റെ ലക്ഷ്യമെന്തെന്ന് മനസ്സിലാക്കാൻ ഏറെ ബുദ്ധിയൊന്നും വേണ്ട. തായ്പുഷ്പങ്ങളെ രുചിക്കുവാനാണ് അവിടുത്തെ ടൂറിസത്തിന്റെ ക്ഷണമെന്നുകൂടി അറിയുമ്പോഴേ എത്ര വലിയ ഗർത്തത്തിലേക്കാണ് ലോക ബാങ്കും അന്താരാഷ്ട്ര സെക്സ് റാക്കറ്റും യൂനിസെഫും കൂടി കേരള ജനതയെ കൊണ്ടുപോകുന്നതെന്ന് മനസ്സിലാവൂ.

ഇസ്‌ലാം ലൈംഗിക വിദ്യാഭ്യാസത്തിനെതിരല്ല. ലൈംഗികത പാപമല്ലെന്നും ഇണയുമായുള്ള ലൈംഗിക കേളികൾ പ്രതിഫലാർഹമായ പുണ്യകർമമാണെന്നും പഠിപ്പിച്ച മതമാണ് ഇസ്‌ലാം. ഈ രംഗത്ത് കൃത്യവും വ്യക്തവുമായ മാർഗദർശനം നൽകുന്ന പ്രമാണങ്ങളാണ് ഇസ്‌ലാമിന്റേത്. വിശുദ്ധ ഖുർആനും പ്രവാചകൻ മുഹമ്മദ് നബി(സ)യും പഠിപ്പിച്ച പാത പിന്തുടരുവാൻ സന്നദ്ധമായാൽ തന്നെ പൂർണമായും സംതൃപ്തി ദായകവും സമ്പൂർണ സുരക്ഷിതവുമായ ലൈംഗിക ജീവിതം സാധ്യമാകും. ലൈംഗികതയുമായി ബന്ധപ്പെട്ട ഏതെങ്കിലും വിശദാംശങ്ങൾ ഇസ്‌ലാമികദർശനം ചർച്ച ചെയ്യാതെ വിട്ടിട്ടില്ല. മറ്റെല്ലാ കാര്യങ്ങളിലുമെന്ന പോലെ ഇക്കാര്യത്തിലും മുഹമ്മദ് നബി(സ)യെക്കാൾ പൂർണനായ ഒരു ഗുരു പിന്നീട് ലോകത്തുണ്ടായിട്ടില്ല. പക്ഷേ, ഇസ്‌ലാം പഠിപ്പിച്ച ലൈംഗിക നിർദേശങ്ങളെപ്പറ്റി ബഹുഭൂരിപക്ഷം യുവ മുസ്‌ലിംകൾ തന്നെ അജ്ഞരാണെന്നതാണ് വാസ്തവം. ഇതിന്നു കാരണം പണ്ഡിതന്മാരും മാതാപിതാക്കളും അവരുടെ കടമ നിർവഹിക്കാത്തതാണ്. കുട്ടികൾക്ക് ലൈംഗിക വിദ്യാഭ്യാസം നൽകേണ്ടത് മതപണ്ഡിതന്മാരും മാതാപിതാക്കളുമാണ്. അവരുമായി ധാർമിക ബന്ധമുള്ളവർക്കേ വഴിതെറ്റാതെയുള്ള ധാർമിക ശിക്ഷണങ്ങൾ നൽകാനാവൂ. മതനിരപേക്ഷതയുടെ ഭൂമികയിൽ നിന്നുകൊണ്ടുള്ള ലൈംഗിക വിദ്യാഭ്യാസത്തിന് 'സുരക്ഷിത രതി'യെക്കുറിച്ച് മാത്രമെ പറഞ്ഞുകൊടുക്കാനാവൂ. എന്നാൽ ഇസ്‌ലാമിന് പഠിപ്പിക്കാനുള്ളത് 'അനുവദനീയ രതി'യെയും 'അനനുവദനീയ രതി'യെയും കുറിച്ചാണ്. ഇവ തമ്മിലുള്ള അതിർവരമ്പാകട്ടെ തികച്ചും മതപരവും മതനിരപേക്ഷകന്ന് മനസ്സിലാക്കാൻ കഴിയാത്തതുമാണ്. അതുകൊണ്ടുതന്നെ ഇസ്‌ലാമികമായ ലൈംഗിക വിദ്യാഭ്യാസം നൽകാൻ മതപണ്ഡിത ന്മാരും മാതാപിതാക്കളും സന്നദ്ധമായിട്ടില്ലെങ്കിൽ 'സുരക്ഷിത രതി'യുടെ പാഠങ്ങളാണ് അവന്ന് (അവൾക്കും) പുറത്തുനിന്ന് ലഭ്യമാവുക. വളരെ അപകടകരമായ പതനത്തിലേക്കാണ് അത് നമ്മുടെ വരുംതലമുറയെ കൊണ്ടുചെന്നെത്തിക്കുക. ആലസ്യം വെടിഞ്ഞ് നാം ഉണർന്നു പ്രവർത്തിക്കേണ്ടതുണ്ട്. അല്ലാഹു അനുഗ്രഹിക്കട്ടെ- ആമീൻ.